**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5822** **08-11-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങളിൽ കയർ ആന്റ് ക്രാഫ്റ്റ് സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കയർ ആന്റ് ക്രാഫ്റ്റ് സ്റ്റോറുകളുടെ ശൃംഖല ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കയർ & ക്രാഫ്റ്റ് സ്റ്റോറുകൾ ആരംഭിക്കുന്നതിനെ സംബന്ധിച്ച് 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ ആദ്യ ഘട്ടമായി 50 കയർ & ക്രാഫ്റ്റ് സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | കുടുംബശ്രീ ഉൽപന്നങ്ങളുടെയും പരമ്പരാഗത വനിതാസ്വയം തൊഴിൽ സംരംഭക മേഖലയായ കയർ, കശുവണ്ടി, കരകൗശല ഉൽപ്പന്നങ്ങളുടെയും വിപണനം മെച്ചപ്പെടുത്തി സ്ത്രീ സംരംഭകർക്കും തൊഴിലാളികൾക്കും മെച്ചപ്പെട്ട വരുമാനം കണ്ടെത്തുന്നതിനാണ് കയർ & ക്രാഫ്റ്റ് സ്റ്റോറുകൾ ആരംഭിക്കുന്നത്. കൂടാതെ കുടുംബശ്രീ ഹോംഷോപ്പ് സംവിധാനത്തിന്റെ വെയർഹൗസ് സംവിധാനമായും ടി സ്റ്റോറുകൾ പ്രവർത്തിക്കും. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം കയർ ആന്റ് ക്രാഫ്റ്റ് സ്റ്റോറുകൾ ആരംഭിക്കുന്നതിന് പലിശ രഹിത വായ്പ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; | (സി) | ഉണ്ട്. കയർ&ക്രാഫ്റ്റ് സ്റ്റോറുകൾ സിഡിഎസ്സിന്റെ നേതൃത്വത്തിലാണ് ആരംഭിക്കുന്നതെങ്കിൽ പലിശരഹിത വായ്പയായാണ് അനുവദിക്കുന്നത്. കുടുംബശ്രീ സംരംഭക ഗ്രൂപ്പുകളാണ് സ്റ്റോറുകൾ ആരംഭിക്കുന്നതെങ്കിൽ 4% പലിശ നിരക്കിലാണ് ലോൺ അനുവദിക്കുന്നത്. വായ്പയുടെ ക്രമമായ തിരിച്ചടവിന്റെ അടിസ്ഥാനത്തിൽ 1.5 ലക്ഷം രൂപ സബ്സിഡിയായും അനുവദിക്കും. 5 വർഷമാണ് ലോൺ തിരിച്ചടവ് കാലയളവ്. |
| (ഡി) | പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ഡി) | സ്പെഷ്യൽ ലൈവ്‌ലിഹുഡ് പാക്കേജിലാണ് പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തിയിരിക്കുന്നത്. നിലവിൽ ആലപ്പുഴ ജില്ലയിൽ മൂന്നും കാസർഗോഡ് ജില്ലയിൽ ഒന്നും ഉൾപ്പെടെ ആകെ 4 കയർ & ക്രാഫ്റ്റ് സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ